## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1871 — 07.03.2018 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ ഗുണനിലവാരം പരിശോധിച്ച ശേഷമാണോ ഇവ കമ്പനികളിൽ നിന്നും വാങ്ങുന്നത്; | (എ) NABL (National Accreditation Board for Testing and Calibration Laboratories) അംഗീകരിച്ച ലാബുകളിൽ നിന്നുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കുന്ന സർട്ടിഫിക്കറ്റോടു കൂടിയാണ് ഇ-ഓക്ഷൻ മുഖേന വാങ്ങുന്ന പഞ്ചസാര ഡിപ്പോകളിൽ വിതരണത്തിന് എത്തിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ അതാതു ഡിപ്പോകളിൽ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ആവശ്യമെങ്കിൽ സാമ്പിൾ ശേഖരിച്ച് ഗവൺമെന്റ് ലാബുകളിൽ പരിശോധിക്കുകയും ചെയ്യുന്നു. |
| (ബി) 2017 മുതൽ തുടർച്ചയായി ഏതെല്ലാം കമ്പനികളാണ് പഞ്ചസാര വിതരണം ചെയ്യുന്നത്; | (ബി) 2017 ജനുവരി മുതൽ തുടർച്ചയായി ഒരു കമ്പനിയും പഞ്ചസാര വിതരണം ചെയ്തിട്ടില്ല. |
| (സി) ഇങ്ങനെ വിതരണം ചെയ്യുന്ന പഞ്ചസാരയിൽ മാലിന്യം കലർന്നിട്ടുണ്ട് എന്ന പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ നിലവാരമില്ലാത്ത പഞ്ചസാര വിതരണം ചെയ്ത കമ്പനികളെ ടെണ്ടറിൽ പങ്കെടുക്കുന്നതിൽ നിന്നും തടയുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) ഗുണനിലവാരത്തിൽ വീഴ്ച വരുത്തുന്നവർക്ക് എതിരെ സപ്ലൈകോ പർച്ചേസ് മാനുവൽ പ്രകാരം പിഴ ചുമത്തുകയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കേർപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ